# നെന്മാണിക്യം (അധ്യായം-3)

ഇളമത ജോൺ

അച്ചാരമ്മയുടെ ഓർമ്മകൾ പിറകിലേക്കോടി. പത്തുമുപ്പതു വർഷങ്ങൾ ക്കുമുമ്പ്, കുഞ്ഞുവറീതിന്റെ അമ്മ കുഞ്ഞന്നയാണ് തന്നെ എടുത്തുവളർത്തി യത്.

ഒരു ക്രിസ്തുമസ്സ്കാലത്തെ വെളുപ്പാൻകാലം. ഒരു പൊടികുഞ്ഞിന്റെ കര ച്ചിൽകേട്ട് കുഞ്ഞന്ന ഉണർന്നു.



കിടക്കമുറിയും വള്ളപ്പുരയും ചേർന്ന ഇടു ക്കിലെ ചെറുമുറ്റത്താണ് കരച്ചിൽകേട്ടത്.

കുഞ്ഞന്ന മുറി തുറന്നു മുറ്റത്തുവന്നു. പാ ളയിൽ പഴംതുണിയിൽ പൊതിഞ്ഞ ചോരക്കുഞ്ഞ്. കൈകൾ വായിലേക്ക് തുറുത്തിക്കയറ്റി ശ്വാസമടച്ചു കരയുന്നു. ആരോ മഹാപാപികൾ ഉപേക്ഷിച്ചുപോ യത്. കരച്ചിൽ കണ്ടുനിൽക്കാൻ കുഞ്ഞന്നയ്ക്ക് ക ഴിഞ്ഞില്ല.

അകത്തെടുത്ത് ചൂടുവസ്ത്രങ്ങളിൽ പൊ തിഞ്ഞു. പാൽ ഇറ്റിച്ചുകൊടുത്തു. കുഞ്ഞ് കരച്ചിൽ നിർത്തി. കൈകൾ ശാന്തമായി.

കോലാഹലം കേട്ട് ഭർത്താവ് പാലു ഉണർ ന്നു.

കുഞ്ഞന്ന പറഞ്ഞു:

ആരോ ഉപേക്ഷിച്ചുപോയ ചോരക്കുഞ്ഞ്!

പാലുവിനു ദേഷ്യംവന്നു.

ആരാ നിന്നോടു പറഞ്ഞേ ഇതിനെ എടുത്ത് അകത്തുകേറ്റാൻ? ദൈവദോഷം പറയാതെ. കുഞ്ഞിനെ തിരിച്ചും മറിച്ചും നോക്കി കുഞ്ഞന്ന പറ ഞ്ഞു.

പെൺകുഞ്ഞാ. ചന്തംകൊറവാ. പറ്റിയ താടിയും പതിഞ്ഞ മൂക്കും. കൊരങ്ങിന്റെ മൊഖംപോലെണ്ട്. നീ പുറത്തോട്ടുതന്നെ വച്ചേര്. പണിക്കാര് ആ രേലും കൊണ്ടുപൊക്കോളും. ഏതു തേവിടിശ്ശി പെഴച്ചു പെറ്റതാന്നാർക്കറിയാം.!

ന്നാലും എന്റെ മനസ്സതിനു സമ്മതിക്കുന്നില്ല. നമ്മുക്കിതിനെ വളത്താം! എന്തു ബോധമില്ലായ്മയാ നീയി പറേണെ? ആരേലും കേട്ടാ എന്തോന്നു കരുതും. അപമാനം വരുത്തുന്നതൊന്നുമാലോചിക്കാതെ. ഏതുജാതിയാന്നാർക്കറിയാം! ശുദ്രനോ വൈശ്യനോ?

നമ്മക്ക് മുക്കി ക്രിസ്ത്യാനി ആക്കാം. വീട്ടുപണിക്കെടുക്കാം.

പാലു അല്പം ആലോചിച്ചു. ഏതാലും നീ ഇപ്പോ ഏതേലും പണിക്കാരിയെ വിളിച്ച് തൽക്കാലം അങ്ങോട്ടേപ്പീര്.

അത് കുഞ്ഞന്നയ്ക്ക് സമ്മതമായി. ഒറോതയെത്തന്നെ വിളിപ്പിച്ചു. മുലകുടിക്കുന്ന ഒരു പൊടിക്കൊച്ച് അവക്കുണ്ട്. അവടെ മൊലകുടിച്ച് ഇതും വളരട്ടെ. പണി എടുക്കാറാകുമ്പം തിരികെ എടുക്കാം. അവളാകുമ്പം പൊന്നുപോലെ നോക്കും. അല്ല, സ്വല്പം ഒത്താശ ചെയ്താൽ–

കുഞ്ഞന്ന, കുഞ്ഞിനെ ഒറോതയെ ഏല്പിച്ചു.

ഒറോത സങ്കടപ്പെട്ടു.

ഏതു പെറ്റതള്ളയാ സ്വന്തം കുഞ്ഞിനെ ഉപേക്ഷിക്കുന്നേ, കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞാ.

പെഴച്ചുപെറ്റതാകാം.

ന്നാലും–

ചന്തമില്ലാത്ത മൊഖംകൂടി ആയപ്പം–

ദുഷ്ട! ആരാലും അവളനുഭവിക്കും. കുഞ്ഞിനൊരും പേരും വേണോല്ലോടി ഒറതേ.

അമ്മച്ചി ഒരു പേരങ്ങിട്. കുഞ്ഞന്ന, കുഞ്ഞിനെ ഉയർത്തിപ്പിടിച്ചു പേരിട്ടു:

അച്ചാരമ്മ.

നല്ല പേര്.

നീ ഒരു കാര്യം ചെയ്യണം. അമാന്തിക്കണ്ടാ, കുഞ്ഞിനെ മുക്കി ക്രിസ്ത്യാനി ആക്കണം.

ആദരോടെ ഒറോത മൂളി. അവൾ കുഞ്ഞിനെയും എടുത്ത് സന്തോഷത്തോടെ അവളുടെ കൂരയിലേക്ക് പോയി.

ഒറോതയുടെ കൂരയിൽ അച്ചാരമ്മ വളർന്നു. അവളുടെ അതേ പ്രായമുള്ള പെൺകുഞ്ഞിനൊപ്പം.

അച്ചാരമ്മ ഒറോതയെ അമ്മയെന്നു വിളിച്ചു. അവൾ ഇരുളിലും പുറയിലും ചെമ്മണ്ണിലും വളർന്നു. സമന്താഷത്തോടെ. ഒറോതയുടെ മകളുമായി കളിച്ചു. അവർ ഇരട്ടപെറ്റതാണെന്നുതന്നെ അവൾ കരുതി. ഒറോതയുടെ മകളും.

കല്ലും കക്കയും അവർ കളിച്ചു. പൂഴിമണ്ണിൽ ചിരട്ടകൊണ്ട് ചക്കര ഉണ്ടാക്കി കളിച്ചു. കൊല്ലുകൊത്താൻകളി കളിച്ചു. കളം വരച്ച് കക്ക എറിഞ്ഞു കളിച്ചു. അച്ചാരമ്മയുടെ ലോകം ചെറുതും മനോഹരവുമായിരുന്നു.

ഒരുനേരം അത്താഴം മാത്രം കഴിഞ്ഞ് അല്ലലില്ലാതെ അവൾ വളർന്നു. തുമ്പികളും ചിത്രശലഭങ്ങഴും അവൾക്കും കൗതുകമേകി. കാട്ടുപൂക്കളെ അവൾ താലോലിച്ചു. കോളാമ്പിപ്പൂ പറിച്ചു കശക്കി നെറ്റിയിൽ ഇടിച്ചു ഞൊട്ടവിടാൻ അവൾ പഠിച്ചു.

അവൾ കൗമാരത്തിലേക്ക് കാലുകുത്തിയപ്പോഴാണ് ദുഃഖമവളെ ആദ്യമായി വേട്ടയാടിയത്.

കൂട്ടുകാർ അവളെ കുരങ്ങച്ചി എന്നു പേരിട്ടു. കണ്ണാടി കാണാതെയാണവൾ അവളർന്നത്. പാവപ്പെട്ടവരുടെ കൂരകളിൽ കണ്ണാടി ഉണ്ടായിരുന്നില്ല. മരോട്ടിക്കാ തുരന്ന് കൊഴുപ്പെണ്ണയിൽ തിരിയിട്ടുകത്തിച്ചു. ആ വെളിച്ചം മാത്രം രാത്രികാലത്തെ ഇരുട്ടകറ്റി.

അക്കാലത്ത് ഗ്രാമത്തിലാകെ ഒരു വിഷവൈദ്യനും ഒരു ഒറ്റമൂലി വൈദ്യനും മാത്രം. അപ്പോത്തിക്കിരിയുടെ പേരു കേട്ടുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ.

മദിരാശിയിൽ റസിഡന്റ് സായിവിന്റെ സങ്കേതത്തിലാണ് ആദ്യം ഇംഗ്ലീഷ് ചികിത്സ തുടങ്ങിയത്. എങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം തിരുവനന്തപുരത്തും കൊല്ലത്തുമൊക്കെ മിഷണറിമാർ ആരംഭിച്ചു.

പെൺകുട്ടികളെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിക്കുന്നത് കത്തോലിക്കസഭ വിലക്കിയിരുന്നു. തിരിച്ചറിവാകും മുമ്പ് കല്യാണം നടത്തുക പതിവായിരുന്നു.

അച്ചാരമ്മ ഇരുന്നെനീറ്റപോലെ വളർന്നു. ഒറോതയുടെ മകളേക്കാൾ മുമ്പിലായി.

പന്ത്രണ്ടാം വയസ്സിൽ അവൾ തിരണ്ടു. രക്തം കണ്ട് അവൾ വാവിട്ടു കരഞ്ഞു. തിരിച്ചറിവിന്റെ പ്രായമായതിൽ ഒറോത സന്തോഷിച്ചു. സാന്ത്വനപ്പെടുത്തി. ആ മഹാരഹസ്യം ഒറോത അവൾക്കു മുമ്പിൽ തുറന്നിട്ടു.

പെണ്ണേ, നിനക്കു കല്യാണപ്രായമായി. പേടിക്കാതെ, പെണ്ണായി പിറന്നവർക്കുള്ള ആദ്യത്തെ ദുഃഖമാണിത്.

പിന്നെ അച്ചാരമ്മയ്ക്ക് വളർച്ച പെട്ടെന്നായിരുന്നു. അപ്പോൾ ഒരുതരം ആനന്ദം അവള ിൽ അരിച്ചിറങ്ങി. ദുഃഖവും സന്തോഷവും മാറിമാറി അവളെ വേട്ടയാടി. അഴകുള്ള ശരീരം, വിരൂപമായ മുഖം! ആരാ തന്നെ വന്നു കല്യാണം കഴി

ക്കുന്നത്! അവൾ പകൽക്കിനാവുകൾ കണ്ടു. എന്തൊക്കെയോ ഓർത്ത് ഇക്കിളിപ്പെട്ടു.

ഒരിക്കൽ അവൾ ഒറോതയോടൊപ്പം തറവാട്ടിൽപ്പോയി.

കുഞ്ഞന്ന അമ്മച്ചി അവളെ കണ്ടു.

പെണ്ണ് വളർന്നുപോയല്ലോ?

ഒറോത പുഞ്ചിരിച്ചു.

വയസ്സറിയിച്ചു.

ങ്ഹാ!

അച്ചാരമ്മയ്ക്കതു മനസ്സിലായി.

അവൾ നാണത്തോടെ തലകുനിച്ച് നഖം കടിച്ചു.

ഇനി താമസിക്കേണ്ടാ, ഇവളെ ഇങ്ങോട്ടെത്തിച്ചേര്, നാളെത്തന്നെ.

ഒറോതയുടെ മനസ്സിൽ ദുഃഖം ഘനീഭവിച്ചു.

അച്ചാരമ്മയെ ഇത്രനാളും വളർത്തിയതാണ്. വിരൂപിയെങ്കിലും സ്വന്തം മകളായിത്തന്നെ. അവളെ എങ്ങനെ തറവാട്ടിലേക്കു വിടും? അവളുടെ മാനസികാവസ്ഥ എന്താകും? സ്വന്തം മകളല്ലെന്ന് വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ഒറോത അന്നാദ്യമായി വിരഹതീവ്രവ്യഥ അറിഞ്ഞു.

കടംതന്ന മുതൽ അമ്മച്ചി തിരികെ ചോദിക്കുന്നു. തന്റേതല്ലാത്തതൊന്നും ആഗ്രഹിക്കാൻ പാടില്ല. എങ്കിലും പത്തുപന്ത്രണ്ടു വർഷം സ്വന്തം അമ്മയെന്നു കരുതിയ അവളുടെ ഹൃദയം നുറുങ്ങുന്നത് ഒറോതയ്ക്ക് സങ്കടകരമായിരുന്നു.

ഒറോത അന്നു രാത്രി അച്ചാരമ്മയെ അരികെ വിളിച്ചു. അവളുടെ മുടിയിഴകളിൽ വിരലോടിച്ചു. കവിളിലുമ്മവച്ചു. എന്നിട്ട് ആ രഹസ്യത്തിന്റെ കെട്ടഴിച്ചു.

മോളേ, നാളെമൊതല് നിന്നെ തറവാട്ടി ആക്കാംപോവ്വാ.

എന്തിനാ?

നീ അവിടുത്തേതാ.

അച്ചാരമ്മ ഞെട്ടലോടെ നിന്നു. ഒറോത തുടർന്നു:

അതൊരു രഹസ്യമാ. അമ്മ ഇത്രനാളും ഒളിച്ചുവച്ചത്.

ഒരു കടംകഥപോലെ അച്ചാരമ്മ കേട്ടു.

പത്തുപന്ത്രണ്ട് ആണ്ടുമുമ്പ് തറവാട്ടി മിറ്റത്തു കിടന്നാ നിന്നെ അമ്മച്ചി എടുത്തേ. പാളേ കെടത്തി പഴന്തുണി പൊതിഞ്ഞ്. ആരാ ഇട്ടേച്ചുപോയേന്ന് ആർക്കും അറിയാം വയ്യാ.

എന്നിട്ട് അമ്മച്ചി എടുത്തുവളർത്താൻ എന്റേയ് തന്നു. കാരണ്യോള്ളോളാ അമ്മച്ചി! അല്ലേ, നീ പട്ടിണിില് പല്ലുകടിച്ച്, ഉറുമ്പരിച്ച് പത്തേനെ. ആർക്കൂം വേണ്ടാത്തോരെ ആരെടുത്തു വളത്താനാ. സ്വന്തം കുഞ്ഞിനു കഞ്ഞികൊടുക്കാൻ കഴിയാത്ത ആരേലുമതിനു തുനിയുമോ!

അച്ചാരമ്മയുടെ കണ്ണുകൾ നിറഞ്ഞു. അവാ കണ്ണീർച്ചാലുകളിലൂടെ ഒഴുകി. ഒറോത അവളുടെ മാറത്തെ മുഷിഞ്ഞ ഏത്താപ്പുകൊണ്ട് അവളുടെ കണ്ണീർ തുടച്ചു.

മോള പോണേ അമ്മയ്ക്ക് വിഷമോണ്ട്. ന്നാലും തമ്പുരാൻ കർത്താവും മോളെ കാക്കും. തറവാട്ടി കുഞ്ഞന്ന അമ്മച്ചീടെ അടുത്തോട്ടല്ലേ മോള് പോണത്? എവിടെ പോന്നേലും മെച്ചപ്പെട്ട്.

ക്രൂരമായ ആ രഹസ്യത്തിനു മുമ്പിൽ അച്ചാരമ്മ വിറങ്ങലിച്ചുനിന്നു.

ശപിക്കപ്പെട്ട ജന്മം!

അപ്പനുമമ്മയുമില്ലാത്ത അനാഥ! പശുവിനും പക്ഷിക്കും പാമ്പിനുമൊക്കെ അപ്പനുമമ്മയുമുണ്ട്. തനിക്കുമാത്രമില്ല. ആരാണ് തന്റെ അമ്മ? ആരാണ് തന്റെ അപ്പൻ! കണ്ണിൽച്ചോര ഇല്ലാത്തവർ!

ദേഷ്യവും സങ്കടവുമവൾക്കുണ്ടായി. ദൈവത്തോടും സകല പുണ്യവാന്മാരോടുമൊക്കെ.

പിറ്റേന്ന് ഒറോത അച്ചാരമ്മയെ തറവാട്ടിൽ എത്തിച്ചു. പ്രകാശമില്ലാത്ത ഒറോതയുടെ കൂര അവൾക്ക് സ്വന്തഭവനമായിരുന്നു. നാലുകെട്ടും എടുപ്പുകളും നടുമുറ്റവും ചെറുമുറ്റവും വള്ളപ്പുരയും ആറ്റിലേക്ക് കെട്ടിയ കുളിപ്പുരയും ഉള്ള വലിയ വീടുമായി പൊരുത്തപ്പെടാൻ അവൾക്കാദ്യം കഴിഞ്ഞില്ല.

സ്വർണ്ണത്തിന്റെയും തങ്കത്തിന്റെയും നിറമായിരുന്നു അവിടത്തെ അമ്മച്ചിക്കും അപ്പച്ചനും അവരുടെ മക്കൾക്കും. അവൾ ചൂടും വെളിച്ചവും അധികമേൽക്കാതെ അകത്തളങ്ങളിൽ സുഖഭക്ഷണം കഴിച്ചു കൊഴുത്തവരായിരുന്നു. അവളാകട്ടെ, കരിയും പുകയുമേറ്റ് നിറം മങ്ങിയവളും.

താളിയും ഇഞ്ചയും തേച്ച് ദേഹം കാന്തിയാക്കാനും, പേനെ ഈരി തലമുടി വൃത്തിയാക്കി കെട്ടിവയ്ക്കാനും കുഞ്ഞന്ന അവളെ പഠിപ്പിച്ചു. കാലക്രമേണ മങ്ങിയ നിറം മാറി. അവൾ സുന്ദരിയായിക്കൊണ്ടിരിക്കുന്നെന്ന് അവൾക്കും തോന്നി.

കീറിപ്പിഞ്ചിയ വസ്ത്രങ്ങൾക്കു പകരം പുതിയ വസ്ത്രങ്ങൾ കുഞ്ഞന്നയമ്മച്ചി അവൾക്കു കൊടുത്തു.

ഒരു വേലക്കാരിയായി അവളെ കുഞ്ഞന്ന കണ്ടില്ല. അരമ്മയുടെ സ്നേഹവും വാത്സല്യവുമവൾക്കു കൊടുത്തു. ക്രമേണ അച്ചാരമ്മ ആ തറവാട്ടിലൊരംഗമായി ഇഴുകിച്ചേർന്നു.

നെല്ലുകുത്തി അരിയാക്കാനും പാറ്റിക്കൊഴിക്കാനും ധാരാളം പണിക്കാരികൾ അവിടെ വന്നുകൊണ്ടിരുന്നു. അവരുടെ കൊച്ചുവർത്തമാനങ്ങൾ അവളെ ഹരംപിടിപ്പിച്ചു.

അവരൊക്കെയുമായുള്ള ചെങ്ങാത്തം അവളെ പുതിയ അറിവുകളുടെ മേഖലകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ഒരിക്കൽ ഒരുത്തി അവളോടു പറഞ്ഞു:

നീ ഭാഗ്യമൊള്ളോളാ, അതുകൊണ്ടാ തറവാട്ടി എത്തീത്. ചെലപ്പോ നിന്നെ പെറ്റോള് നിന്നെ വളത്തീരുന്നേല് ഈ നിലേല് നിനക്കു വരാമ്പറ്റ്വാരുന്നോ?

അതുതന്നെയാണ് അച്ചാരമ്മയ്ക്കും തോന്നിയത്. ചെലപ്പം നല്ലതുവരാനായിരിക്കും.

**(തുടരും.............)**